## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3952 | | 21.10.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| വെളിയിട വിസർജ്ജനമുക്ത സംസ്ഥാന പദ്ധതി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.കെ.വി.വിജയദാസ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | വെളിയിട വിസർജ്ജനമുക്ത സംസ്ഥാന പദ്ധതി പ്രകാരം കേരളത്തിൽ എത്ര ശൗചാലയങ്ങൾ പണിയുവാനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | വെളിയിട വിസർജ്ജനമുക്ത സംസ്ഥാന പദ്ധതി പ്രകാരം കേരളത്തിലെ ഗ്രാമ പ്രദേശങ്ങളിൽ 175399 ശൗചാലയങ്ങളും, നഗരപ്രദേശങ്ങളിൽ 34578 ശൗചാലയങ്ങളും പണിയുവാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. |
| (ബി) | ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിയ്ക്കുന്നത്; വിശദ വിവരം നൽകുമോ; | (ബി) | 2016 നവംബർ 1 ന് ഗ്രാമപ്രദേശങ്ങളിലും, 2017 മാർച്ച് 31 ന് നഗര പ്രദേശങ്ങളിലും പദ്ധതി പൂർത്തീകരിച്ച് ഒ.ഡി.എഫ് പ്രഖ്യാപനം നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) | ഇതിനായി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ? | (സി) | • വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണത്തിന് കേന്ദ്ര സർക്കാർ വിഹിതമടക്കം (സ്വച്ഛ് ഭാരത് മിഷൻ) ആകെ 15400 രൂപയാണ് യൂണിറ്റ് കോസ്റ്റ്. ഗ്രാമ പ്രദേശങ്ങളിൽ ടോയ്‌ലറ്റ് പണിയുന്നതിനുള്ള കേന്ദ്ര സഹായം ലഭ്യമാകുന്നതിന് കാലതാമസം വന്ന സാഹചര്യത്തിൽ എല്ലാ കുടുംബങ്ങൾക്കും ശൗചാലയ സൗകര്യം ഉറപ്പാക്കുന്നതിനുള്ള ധനം ഗ്രാമ പഞ്ചായത്തുകൾ തങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ വകയിരുത്തി വ്യക്തിഗത ഗാർഹിക ശൗചാലയം പണിയുന്നതിനുള്ള സർക്കാർ ഉത്തരവുകൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ പഞ്ചായത്തുകളും പ്രോജക്ട് ഏറ്റെടുത്ത് നടപ്പിലാക്കുക<br>• ദുർഘട ഗ്രാമ പ്രദേശങ്ങളിൽ പണിയേണ്ടുന്ന 39120 ടോയ്‌ലറ്റുകൾക്ക് അധികം ആവശ്യമായി വരുന്ന 99 കോടി രൂപ പഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ പ്രത്യേക സഹായമായി അനുവദിച്ചു കൊണ്ടും അതിൻ പ്രകാരം പ്രോജക്ട് തയ്യാറാക്കുവാൻ അനുമതിയും പ്രോജക്ട് നടപ്പിലാക്കലും<br>• ജലനിധി പ്രോജക്ട് പ്രദേശമായ 115 ഗ്രാമ പഞ്ചായത്തുകളിൽ ജലനിധി മുഖേന ഗാർഹിക ശൗചാലയ നിർമ്മാണ പ്രോജക്ട് നിർവ്വഹണം<br>• ഉപേക്ഷിക്കപ്പെട്ട സ്വകാര്യ എസ്റ്റേറ്റ് ലയങ്ങളിൽ ഗാർഹിക ശൗചാലയങ്ങളും സാനിട്ടറി കോംപ്ലക്സും പണിയുന്നതിനുള്ള നടപടി<br>• സർക്കാർ- സ്വകാര്യ സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ടിൽ നിന്ന് ബുദ്ധിമുട്ടേറിയ പ്രദേശങ്ങളിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് അധിക തുക കണ്ടെത്തൽ. |

| | | | |
|---|---|---|---|
| | | | • കുടുംബശ്രീ, കൊമേഴ്സ്യൽ ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേന ഗുണ ഭോക്താക്കൾക്ക് വായ്പ ലഭ്യമാക്കൽ<br>• കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ സേവനവും റിസോഴ്സ് പേഴ്സൺമാരുടെ സേവനവും, കമ്മ്യൂണിറ്റി മൊബിലൈസേഷൻ പ്രവർത്തനങ്ങളും<br>• World Bank, UNICEF എന്നീ സ്ഥാപനങ്ങളുടെ പിന്തുണയോടു കൂടി റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം<br>• പ്രാദേശികമായി അനുയോജ്യമായ സാങ്കേതിക വിദ്യകൾ കണ്ടെത്തി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ചെലവ് പരിമിതപ്പെടുത്തിയ നിർമ്മാണ സങ്കേതിക രീതികളിൽ COSTFORD ന്റെ നേതൃത്വത്തിൽ മേസൺ പരിശീലനങ്ങൾ<br>• ജല ദൗർലഭ്യ പ്രദേശങ്ങളിൽ എക്കോ സാൻ ടോയ്ലറ്റുകൾ<br>• മാധ്യമങ്ങളിൽ പരമാവധി പ്രചാരണം കിട്ടുന്നതിനും, കക്കൂസ് നിർമ്മിക്കുന്നതിന് ജനങ്ങളെ പ്രചോദിപ്പിക്കുന്നതിനും പ്രവർത്തനം<br>• MSW വിദ്യാർത്ഥികൾ, എഞ്ചിനീയറിംഗ് കോളജുകളിലെ നാഷണൽ സർവ്വീസ് സ്കീം വോളന്റിയേഴ്സ് എന്നിവരുടെ സേവനം ബോധവൽക്കരണം, കക്കൂസ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തൽ<br>• തീരപ്രദേശത്തും മലയോര പ്രദേശങ്ങളിലും പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ യോഗം വിളിച്ചു ചേർത്ത് ആ പ്രദേശങ്ങളിലെ കക്കൂസ് നിർമ്മാണത്തിന് അവരുടെ സഹകരണം ഉറപ്പാക്കൽ<br>• മുഖ്യമന്ത്രി, വകുപ്പുമന്ത്രി തലങ്ങളിൽ സംസ്ഥാനത്തെ പുരോഗതി നിരന്തരം അവലോകനം. ഓരോ ജില്ലയിലെയും പ്രവർത്തനങ്ങൾ മേൽ നോട്ടം വഹിക്കുന്നതിന് 14 മന്ത്രിമാരെ ചുമതലപ്പെടുത്തി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുക. മന്ത്രിമാരെ സഹായിക്കുന്നതിന് അതാത് വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി /സെക്രട്ടറിമാർക്ക് ചുമതല<br>• ചീഫ് സെക്രട്ടറിയും, തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ജില്ലാ കളക്ടർമാരുമായുള്ള പ്രതിവാര വീഡിയോ കോൺഫറൻസ് സംഘടിപ്പിച്ച് പുരോഗതി അവലോകന നടപടി<br>• ശുചിത്വ മിഷൻതലത്തിലും സർക്കാർ തലത്തിലും ദൈനംദിനമുള്ള പുരോഗതി വിലയിരുത്തലും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നു. |

സെക്ഷൻ ഓഫീസർ